# ധൂപക്കുറ്റി

ഞാനാരാണെന്നറിയാമോ?
എനിക്കു തട്ടുകൾ രണ്ടുണ്ട്
തട്ടുകളൊന്നിൽ തീയുണ്ട്
കുന്തിരക്കപ്പുകയുണ്ട്

മേൽത്തട്ടിൻ സാദൃശ്യം സ്വർഗ്ഗം
ഭൂമിയതുപോൽ കീഴ്ത്തട്ട്
കരിഭൂമിയിലെ പാപികളും
കുന്തിരിക്കം നന്മകളും

പാപികൾ തീയാം റൂഹാ നേടി
കനകംപോൽ ശോഭിക്കുമ്പോൾ
നന്മകൾ പുകയോടൊപ്പം നൽ
സൗരഭ്യത്തെയേറ്റീടും

താതൻ പുത്രാ റൂഹാ ദൈവിക
ആളത്വങ്ങൾ മൂന്നൊപ്പം
സുതന്റെ മാനവജന്മം സൂചക
ചങ്ങല നാലെന്നെത്താങ്ങും

ചങ്ങലകളിലെ കണ്ണികളിളെണ്ണം
എഴുപത്തിരണ്ടത് അറിയുപ്പുകാർ
ചങ്ങലയിൽ മണി പന്ത്രണ്ട്
പന്ത്രണ്ടപ്പോസ്തോലന്മാർ

പ്രിയ സോദരരേ ചൊല്ലീടാം
ആരാധനകളിലെന്നാളും
യാഹിന്റ പ്രിയമാം സൗരഭ്യപ്പുക
വീശും ഞാൻ ധൂപക്കുറ്റി